**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 472** **30-01-2024 - ൽ മറുപടിയ്ക്ക്**

**ബജറ്റിൽ 20% പ്രൊവിഷൻ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ 2016-17 മുതൽ 2023-24 വരെ 20% പ്രൊവിഷൻ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായുള്ള സംവിധാനം നിലവിൽ ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നിരുന്നാലും ഉചിത തലത്തിൽ പരിശോധിച്ച് ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾക്ക് പ്രായോഗികവും ഭരണപരവുമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉചിത തലത്തിൽ തീരുമാനം കൈകൊണ്ട് ഇപ്രകാരം ഒരു ഡാഷ് ബോർഡ് സംവിധാനം രൂപീകരിക്കാനുള്ള മാർഗ്ഗങ്ങൾ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ഒരു പ്രത്യേക ഡാഷ് ബോർഡ് സംവിധാനം രൂപീകരിക്കാൻ സാധിക്കുമോ; ഇതുവഴി ധനകാര്യ വകുപ്പ്, ബന്ധപ്പെട്ട നിർവ്വഹണ വകുപ്പ്, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം ആയതിന്റെ പുരോഗതി വിലയിരുത്തുവാൻ സാധിക്കും എന്നുള്ള കാര്യം പരിഗണിക്കുമോ; | (ബി) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II എന്ന ബജറ്റ് രേഖയിൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം/പൂർത്തിയാക്കൽ ബന്ധപ്പെട്ട നിർവ്വഹണ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായുള്ള സംവിധാനം നിലവിൽ ധനകാര്യ വകുപ്പിൽ ലഭ്യമല്ല. എന്നിരുന്നാലും ഉചിത തലത്തിൽ പരിശോധിച്ച് ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾക്ക് പ്രായോഗികവും ഭരണപരവുമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഉചിത തലത്തിൽ തീരുമാനം കൈകൊണ്ട് ഇപ്രകാരം ഒരു ഡാഷ് ബോർഡ് സംവിധാനം രൂപീകരിക്കാനുള്ള മാർഗ്ഗങ്ങൾ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് അതത് സാമ്പത്തിക വർഷം തന്നെ നിർവ്വഹണം പൂർത്തീകരിക്കുന്നതിനായി | (സി) | ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവച്ച പ്രവൃത്തികൾക്ക് നിലവിൽ അതാത് വകുപ്പുകളുടെ |

| | | | |
|---|---|---|---|
| | ഭരണാനുമതി നൽകുന്ന നിലവിലെ സങ്കീർണമായ രീതിക്കു പകരം അതത് വകുപ്പ് മേധാവികൾക്ക് തന്നെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുവാനുള്ള അധികാരം നൽകാമോ? | | ബന്ധപ്പെട്ട ശീർഷകത്തിൻ കീഴിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 500 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി വരുന്നു. 500 ലക്ഷം രൂപ അധികരിച്ച് വരുന്ന എസ്റ്റിമേറ്റുകളുള്ള പ്രവൃത്തികൾക്ക് ധനവകുപ്പ് വഴി സി.ടി.ഇ-യുടെ പരിശോധനയ്ക്ക് ശേഷമാണ് ഭരണാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ